**25.06.2019**

# കെ.ആർ മോഹനന്റെ ഓർമയിൽ ചലച്ചിത്ര പ്രവർത്തകർ

ചലച്ചിത്ര അക്കാദമി മുൻ ചെയർമാനും സംവിധായകനായ കെ.ആർ മോഹനന്റെ ഓർമകളിൽ ഒത്തുചേർന്ന് ചലച്ചിത്ര പ്രവർത്തകർ. രാജ്യാന്തര ഡോകുമെന്ററി ഹ്രസ്വചലച്ചിത്ര മേളയോടനുബന്ധിച്ച് നടന്ന കെ.ആർ മോഹനൻ അനുസ്മരണ പരിപാടിയിൽ സുഹൃത്തുക്കളും സഹപ്രവർത്തകരും അദ്ദേഹത്തെ കുറിച്ചുള്ള ഓർമകൾ പങ്കുവച്ചു.

'ആർട് ഓഫ് മിനിമം' എന്നതായിരുന്നു കെ.ആർ മോഹനൻ ചിത്രങ്ങളുടെ പ്രത്യേകത എന്ന് പ്രശസ്ത ഛായാഗ്രഹകൻ സണ്ണി ജോസഫ് പറഞ്ഞു. അനാവശ്യ കാര്യങ്ങൾ ഉൾപ്പെടുത്താതെ ലളിതമായാണ് സിനിമയിൽ അദ്ദേഹം വിഷയങ്ങൾ അവതരിപ്പിച്ചിരുന്നതെന്നും ജീവിതത്തിലും അദ്ദേഹം ആ ലാളിത്യം കാത്തു സൂക്ഷിച്ചിരുന്നുവെന്നും സണ്ണി ജോസഫ് കൂട്ടിച്ചേർത്തു.

അരവിന്ദനേയും ജോൺ എബ്രഹാമിനെയും പവിത്രനെയുമൊക്കെ പോലെ നികത്താനാവാത്ത വിടവാണ് കെ.ആർ മോഹനന്റെ വിയോഗം ഉ ാക്കിയിയിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ ഹൃദ്യമായ പുഞ്ചിരി എപ്പോഴും മനസ്സിൽ മായാതെ കിടക്കുമെന്നും ചലച്ചിത്ര പ്രവർത്തകനും നിരൂപകനുമായ അമൃത് ഗംഗർ പറഞ്ഞു.

തനിക്ക് സ്വന്തം ജേഷ്ഠ സഹോദരനെപ്പോലെയായിരുന്നു കെ.ആർ മോഹനൻ എന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ പറഞ്ഞു. ചുരുക്കം സിനിമകളെ സംവിധാനം ചെയ്തിട്ടുള്ളൂ എങ്കിലും ഓരോ ചിത്രത്തിലും അദ്ദേഹം തന്റെ കൈയൊപ്പ് ചർത്തിയിട്ടു ന്നും കമൽ അഭിപ്രായപ്പെട്ടു.

ശക്തമായ നിലപാടുകൾ ഉള്ള വ്യക്തിയായിരുന്നു കെ.ആർ മോഹനൻ എന്ന് എഫ്.എഫ്.എസ്.ഐ വൈസ് പ്രസിഡന്റ് ചെലവൂർ വേണു അഭിപ്രായപ്പെട്ടു. കെ.ആർ മോഹനനെ പോലെ പരിശുദ്ധമായ വ്യക്തിത്വങ്ങൾ അപൂർവമായെ കാണാറുള്ളൂ എന്നും അദേഹം കൂട്ടിച്ചേർത്തു.

ഫിപ്രസ്കി ഇന്ത്യ പ്രസിഡന്റ് വി.കെ ജോസഫ്, എഫ്.എഫ്.എസ്.ഐ റീജിയണൽ സെക്രട്ടറി കെ.ജി മോഹൻകുമാർ എന്നിവരും പരിപാടിയിൽ കെ.ആർ മോഹനനെ കുറിച്ചുള്ള ഓർമകൾ പങ്കുവച്ചു.